# ചെമ്പേരി വിമൽജ്യോതിയിൽ പൂർവവിദ്യാർഥി സംഗമം നാളെ

ചെമ്പേരി ● വിമൽജ്യോതി എൻജിനീയറിങ് കോളജിലെ പൂർവവിദ്യാർഥി കൂട്ടായ്മ 'ഒരുവട്ടം കൂടി' നാളെ രാവിലെ 10നു വിമൽജ്യോതി ഓഡിറ്റോറിയത്തിൽ സംഗമിക്കും. കോളജിൽ പഠനം പൂർത്തിയാക്കി വിവിധ മേഖലകളിലായി പ്രവർത്തിക്കുന്ന പൂർവവിദ്യാർഥികൾ ഒന്നിച്ചുചേരും. സ്ഥാപക ചെയർമാൻ മോൺ. മാത്യു എം. ചാലിൽ പങ്കെടുക്കും. കോളജ് പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫിന്റെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനം ചെയർമാൻ ഫാ. ഡോ. തോമസ് മേൽവെട്ടത്ത് ഉദ്ഘാടനം ചെയ്യും.

# വിമൽജ്യോതിയിൽ പൂർവവിദ്യാർഥി സംഗമം

**ശ്രീകണ്ഠപുരം:** ചെമ്പേരി വിമൽജ്യോതി എൻജിനീയറിങ് കോളേജിലെ 2002 മുതലുള്ള ബാച്ചുകളിലെ വിദ്യാർഥികളുടെ സംഗമം 10-ന് രാവിലെ 10ന് വിമൽജ്യോതി ഓഡിറ്റോറിയത്തിൽ നടക്കും. കോളേജ് സ്ഥാപക ചെയർമാൻ മോൺ. മാത്യു എം.ചാലിൽ ഉദ്ഘാടനം ചെയ്യും.

# മരിയൻ മൂവ്മെന്റ് ഓഫ് പ്രീസ്റ്റ്സ ത്രിദിന മരിയൻ സെനക്കിൾ 11 മുതൽ തളിപ്പറമ്പിൽ

**തളിപ്പറമ്പ്:** ആഗോള കത്തോലിക്ക വൈദിക കൂട്ടായ്മയായ മരിയൻ വ്മെന്റ് ഓഫ് പ്രീസ്റ്റ്സിന്റെ ത്രിദിന മരിയൻ സെനക്കിൾ 11 മുതൽ വരെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ നടക്കു 11നു വൈകുന്നേരം നാലിന് തുടങ്ങുന്ന സെനക്കിൾ 13നു വൈകുന്േ രം നാലിന് അവസാനിക്കും. താമസിച്ചും അല്ലാതെയും ഇതിൽ പങ്ക ടുക്കാം. ഫാ. ഫിലിപ്പ് കാരിക്കശേരി ഒഎസ്ഡി, ഫാ.പോൾ പൂവൻ, ഫ എ. ആൻഡ്രൂസ്, ഫാ.ജോസഫ് മഞ്ചപ്പിള്ളി, ഫാ. തോമസ് കൂട്ടിയാന സിഎംഐ എന്നിവർ സെനക്കിളിന് നേതൃത്വം നൽകും. ആവശ്യക്കാ ക്ക് താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. താമസത്തിനും ഭക്ഷണത്തിനും 500 രൂപ ഫീസ് നൽകേണ്ടതാണെന്ന് അധികൃതർ അറിയിച്ചു. ഫോൺ: 828125935

# വിമൽജ്യോതിയിൽ പൂർവ വിദ്യാർഥി സംഗമം നാളെ

**ചെമ്പേരി:** വിമൽജ്യോതി എൻജിനിയറിംഗ് കോളജിലെ പൂർവ വിദ്യാർ ഥി കൂട്ടായ്മ 'ഒരുവട്ടംകൂടി' നാളെ രാവിലെ 10ന് വിമൽജ്യോതി ഓഡി റ്റോറിയത്തിൽ നടക്കും. 2002ൽ ആരംഭിച്ച വിമൽജ്യോതി എൻജിനിയ റിംഗ് കോളജിൽ ഇതിനോടകം പഠനം പൂർത്തിയാക്കി ലോകത്തിന്റെ നാനാഭാഗത്തും വിവിധ മേഖലകളിലായി പ്രവർത്തിക്കുന്ന പൂർവവി ദ്യാർഥികൾ സാങ്കേതിക കലാലയത്തിന്റെ തിരുമുറ്റത്ത് അന്നേദിവസം ഒന്നിച്ചുചേരും. കോളജ് ചെയർമാൻ റവ. ഡോ. തോമസ് മേൽവെട്ടം ഉ ദ്ഘാടനം ചെയ്യും. കോളജ് പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ് അ ധ്യക്ഷത വഹിക്കും. വിമൽജ്യോതിയുടെ സ്ഥാപക ചെയർമാൻ മോൺ. മാത്യു എം. ചാലിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ജിനു മുളങ്ങനാൽ, ബർ സാർ ഫാ. ജോർജ് ആശാരിക്കുന്നേൽ എന്നിവർ പ്രസംഗിക്കും.